# രാഷ്ട്രീയ കേരളത്തിലെ കോമാളികൾ

**-വർഗീസ് ഏബ്രഹാം ഡെൻവർ**

ചുമിൻ ന്യൂജൻ എന്ന വിയറ്റ്നാംകാരൻ എന്റെ സഹപ്രവർത്തകനായിരുന്നു. "ചെറിയ യുദ്ധം ഭാവിയിലെ വലിയ യുദ്ധത്തെ തടയും...." എന്നു ലിൻഡൻ ജോൺസൻ പറഞ്ഞു നടന്നതിന്റെ തിക്തഫലം അനുഭവിച്ച ഭാഗ്യദോഷി. അയാളുടെ അപ്പൂപ്പന് അഹോരാത്രം കഷ്ടപ്പെട്ടു പടുത്തുയർത്തിയ ഒരു ഫെർട്ടിലൈസർ ഫാക്ടറിയുണ്ടായിരുന്നു. മാതാവ് അന്നാട്ടിലെ അറിയപ്പെടുന്ന ഒരു മെഡിക്കൽ ഡോക്ടർ. കൊട്ടാരസമാനമായ ഒരു വലിയ വീട്ടിൽ ആ കുടുംബം സസന്തോഷം വർഷങ്ങളോളം കഴിഞ്ഞു. കഷ്ടപ്പെട്ടു ചോരനീരാക്കിയുണ്ടാക്കിയ ആ ഫാക്ടറിയിൽ അനേകം പാവങ്ങൾ ജോലി കണ്ടെത്തി. പാവപ്പെട്ടവരുടെയൊക്കെ ഓലപ്പുരയിലെ അടുപ്പുകളിൽ പലതിലും വീണ്ടും തീ പുകയാൻ തുടങ്ങി. അപ്പോഴാണ്. "എല്ലാവർക്കും സമത്വം" എന്ന സിദ്ധാന്തവുമായി ഒരു കൂട്ടർ ഹോചുമിന്റെയും, മാവോയുടെയും ഫോട്ടോയുമായി വന്നു വാളിന്റെയും കുന്തത്തിന്റെയും മുൾമുനയിൽ നിർത്തി ഭീകര താണ്ഡവമാടിയത്. ജീവൻ തിരികെ കിട്ടുമെങ്കിൽ അതു മാത്രം മതിയെന്നു ആ കുടുംബം കൊതിച്ചു. ആറു പേർ അടങ്ങുന്ന ആ കുടുംബത്തിനു ആറു കസേരയും, ഒരു മേശയും കൊടുത്തിട്ടു ബാക്കിയുള്ളതെല്ലാം പെറുക്കി ഹോയിമിന്റെ സഖാക്കൾ സ്ഥലം വിട്ടു. ആ വലിയ വീടിന്റെ മറ്റു മുറികളിലായി നാലു കുടുംബക്കാരെ കൂടി പാർപ്പിച്ചു. അങ്ങനെ നാലു ഭവനരഹിതർക്കും 'ഭവന' മായി. അപ്പൂപ്പനും തന്റെ ഫാക്ടറിയിലെ ഒരു സാദാ തൊഴിലാളിയായി മാറി. ചൂഷണം എന്തെന്നു ആ കുടുംബം അന്നാദ്യമായി രുചിച്ചറിഞ്ഞു.

ഇന്ത്യാ മഹാരാജ്യത്തിന്റെ ചരിത്രം പരിശോധിച്ചാൽ ചൂഷണം മനുഷ്യനു ഓർമ്മ വച്ച നാൾ മുതൽ തുടങ്ങിയതാണ്. ഗ്രീക്കുകാരൻ, ഇറ്റാലിയൻ, ചൈനാക്കാരൻ, അറബി, യഹൂദൻ, ഡച്ചുകാരൻ, ഫ്രഞ്ചുകാരൻ, ഇംഗ്ലീഷുകാരൻ, ഇവരൊക്കെയും ആ രാജ്യത്തിന്റെ ഊർജ്ജം നുകർന്നവരാണ്. അതിൽ ഒന്നാം സ്ഥാനം വഹിച്ചതു ഇംഗ്ലീഷുകാരനാണ്. അവൻ ആ രാജ്യത്തെ അനേക വർഷങ്ങൾ 'റേപ്പു' ചെയ്തു. അവൻ ലോകത്തിന്റെ നാലു കോണിലും ചെന്ന് കണ്ണിൽ ചോരയില്ലാതെ ആ പണി തുടർന്നുകൊണ്ടേയിരുന്നു. കോടികളുടെ സ്വത്തുകൾ അവന്റെ രാജ്യത്തേക്കു തിരിച്ചു വിട്ടു.

അനേക വർഷത്തെ അവിശ്രാമപ്രയത്നങ്ങൾക്കു ശേഷം അനേകം പുണ്യാത്മാക്കളുടെ ജീവൻ ബലി കൊടുത്തു ആ രാജ്യത്തെ വിദേശീയരിൽ നിന്നും രക്ഷിച്ചു. അങ്ങനെ ആ രാജ്യത്തു ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം പിറന്നു വീണു. അനീതിയാലും, അസമത്വങ്ങളാലും, അക്രമങ്ങളാലും ഭീതിദമായി അവഗണിക്കപ്പെട്ട ആ രാജ്യത്തു അക്രമരാഹിത്യത്തിന്റെ ശിലാസ്ഥാപനം നടന്നു.

രാജ ഭരണമല്ല, ജനായത്ത ഭരണമാണു ഇനിയും ആ രാജ്യത്തിനു വേണ്ടതു എന്നു ജനം ആർത്തു വിളിച്ചു. സ്വാതന്ത്ര്യം എന്ന വാക്കിന്റെ പിൻബലത്തിൽ മനുഷ്യൻ ചേരി തിരിഞ്ഞു. മനസിന്റെ പൊരുത്തത്തിലും, പൊരുത്തക്കേടിലും

ഓരോരോ സംഘടനകൾ പൊന്തി വന്നു. ചിലർ അതിനു 'പാർട്ടി' എന്ന ഓമനപ്പേര് നൽകി. തുടക്കത്തിൽ ചില പാർട്ടികൾ രാജ്യത്തിന്റെ നന്മ മാത്രം മുന്നിൽ കണ്ടു കൊണ്ടു പ്രവർത്തനമാരംഭിച്ചു. കാലത്തിന്റെ പ്രയാണത്തിൽ പാർട്ടികൾ പിളർന്നു. പിളരും തോറും വളരാൻ തുടങ്ങി. പാർട്ടികൾക്കു നേതാക്കളായി, അണികളായി, ഗുണ്ടകളായി, പാവം ജനം വീണ്ടും അടിമകളായി.

പ്രാചീനകാലം മുതൽ വിദേശീയർ വന്നു ഇന്ത്യയിൽ ആധിപത്യം സ്ഥാപിച്ചു കച്ചവടം തുടങ്ങി. " ആരു വേണമെങ്കിലും വന്നോട്ടെ ഇതൊന്നുമെന്റെ പ്രശ്നമല്ല " എന്നുള്ള നിസ്സംഗ മനോഭാവത്തിൽ, വർഷങ്ങളോളം ഇന്ത്യാക്കാരൻ തലതാഴ്ത്തി നിന്നു കൊടുത്തു. ഒന്നും പറയാതെ വിദേശീയാധിപത്യത്തിന്റെ നുകത്തിൽ കീഴിൽ അടിമകളായി കഴിയാനേ അന്നു ഇന്ത്യൻ ജനതയ്ക്കു കഴിഞ്ഞിരുന്നുള്ളു. ചരിത്രം പറയുന്നു അനേക വർഷങ്ങൾക്കു ശേഷമാണു നട്ടെല്ലുള്ള പ്രബുദ്ധരായ നേതാക്കൾ മുമ്പോട്ടിറങ്ങി വന്നതെന്ന്. പതിനാലാം നൂറ്റാണ്ടു മുതൽ പത്തൊൻപതാം നൂറ്റാണ്ടു വരെ വിദേശീയർ കയറിയിറങ്ങി ആ രാജ്യത്തെ കൊള്ളയടിച്ചപ്പോൾ കയ്യും കെട്ടി നിൽക്കാനേ പാവം ജനത്തിനു കഴിഞ്ഞുള്ളു. അതിന്റെ വേറൊരു വകഭേദമാണു ഭാരതജനത അല്ലെങ്കിൽ പ്രത്യേകിച്ചു പറഞ്ഞാൽ കേരള ജനതയിന്നനുഭവിക്കുന്നത്. ഇന്നു വിദേശീയരുടെ കൊള്ളയല്ല ഭയപ്പെടേണ്ടതു പ്രത്യുത തദ്ദേശീയരുടേതാണ്. അല്ലെങ്കിൽ നാടൻ കൊള്ളക്കാർ...! തനിമലയാളത്തിൽ പറഞ്ഞാൽ രാഷ്ട്രീയ പാർട്ടി നേതാക്കൾ...!

ഏകദേശം അമേരിക്കയുടെ മൂന്നിലൊന്നു മാത്രം വലിപ്പമുള്ള ഇന്ത്യയിൽ ഇന്നു എത്ര രാഷ്ട്രീയ പാർട്ടികൾ? എറുമ്പുകൾ അരി വലിച്ചോണ്ടു പോവുന്ന പോലെ രാജ്യത്തെ അങ്ങോട്ടും ഇങ്ങോട്ടും ഇട്ടു വലിക്കുകയാണ്. ഇന്നിത് എഴുതുമ്പോൾ ഇന്ത്യയിൽ എത്രാമത്തെ പാർട്ടിയാണു ജനിച്ചതെന്നു വാർത്താമാദ്ധ്യമങ്ങൾക്കു പോലും അറിയാൻമേല. ജനത്തിന്റെ വിശ്വാസ്യതയെ തമസ്കരിച്ചു കൊണ്ടു പാർട്ടി പ്രവർത്തകർ പരക്കം പായുകയാണ്.

ഇന്നു, ഈ പാർട്ടി പ്രവർത്തകർ അഴിമതി സംസ്കാരത്തിൽ നിന്നു കൊണ്ടു കരിഞ്ചന്തയും, പൂഴ്ത്തിവയ്പും, കൈക്കൂലിയും കുലത്തൊഴിലാക്കിയിട്ടു, പെൺവാണിഭ മാഫിയായും, കോടികൾ വിലമതിക്കുന്ന ബംഗ്ലാവിന്റെയും, ആഢംബരക്കാറുകളുടെയും, സ്വർണ്ണപ്പണ്ടങ്ങളുടെയും, തോട്ടങ്ങളുടെയും മുതലുള്ളവരായി. ഉടയാത്ത ഉടയാടകൾ അണിഞ്ഞു എപ്പോഴും ശീതീകരിച്ച വിദേശ നിർമ്മിത കാറുകളിൽ സഞ്ചാരം. മൂന്നു മാസത്തിലൊരിക്കൽ "സാമ്രാജ്യത്വ മോഹികളുടെ" രാജ്യത്തു രാഷ്ട്രീയവൽക്കരിച്ച വെക്കേഷൻ, സിനിമാസ്റ്റൈലിൽ മക്കളുടെ വിവാഹധൂർത്ത്...! ഇവരിൽ നല്ലൊരു ശതമാനം കോടികൾ സ്വിസ് ബാങ്കിലിട്ടു, മണിച്ചിത്ര താഴിട്ടു പൂട്ടി, ശീതീകരിച്ച പഞ്ചനക്ഷത്ര ഹോട്ടലുകളിൽ ഉറങ്ങി, മദ്യവും മദിരാക്ഷിയുമായി കഴിയുന്നവർ! ഇതിൽ ചില അന്യോപജീവികളെ ഒരിക്കലും സൂര്യപ്രകാശം കടന്നു ചെല്ലാത്ത തുറുങ്കിലിട്ടു പൂട്ടി അതിന്റെ താക്കോൽ കടലിൽ വലിച്ചെറിയേണ്ട സമയം അമ്പേ വൈകിയിരിക്കുന്നു.

ബലഹീന മനുഷ്യന്റെ മനശാസ്ത്രം മനസിലാക്കി മൈക്കിന്റെ കോളാമ്പിയിൽ കൂടെ മദ്യലഹരിയിൽ വരുന്ന ഇവരുടെ ഇഴയുന്ന സ്വരം അല്ലെങ്കിൽ 'ചിന്നം വിളി' കേട്ടു മദം പൊട്ടി മത്തരാവുന്ന അർദ്ധപട്ടിണിക്കാരന്റെ കർണ്ണപുടത്തിനെ ഇതൊരു വക സംഗീതം പോലെയായിരിക്കുന്നു. അല്ലെങ്കിൽ എന്തിനു ഇത്രയും ജനം

തെരുവുവിളക്കിന്റെ മുമ്പിലെ ഈയൽ പോലെ തടിച്ചു കൂടുന്നു.

രാഷ്ട്രീയ പാർട്ടികളിന്നു ഓരോരോ കോർപറേഷൻ പോലെയായിരിക്കുന്നു. വലിയ പണം സമ്പാദിക്കുന്ന കോർപറേഷൻ! രാഷ്ട്രീയവും, മതവും, സിനിമയുമാണ് പണം ഉണ്ടാക്കാനുള്ള എളുപ്പ മാർഗ്ഗം. അപ്പോൾ ഈ മൂന്നു വകുപ്പുകൾക്കും സർവ്വകലാശാലകളിൽ മെഡിക്കൽ കോഴ്സിനുള്ള പോലെ വലിയ കാപ്പിറ്റേഷൻ ഫീസൊക്കെ വാങ്ങി കോഴ്സുകൾ നടപ്പാക്കരുതോ?

ഒരു കാലത്തു പാവപ്പെട്ടവനു അവന്റെ കൂലി ചെയ്തതിനുള്ള വേതനം വാങ്ങിക്കൊടുക്കാനും, അവകാശങ്ങൾ പിടിച്ചു പറ്റാനും ഒക്കെ കമ്മ്യൂണിസം വലിയ പങ്കു വഹിച്ചിട്ടുണ്ടെന്നുള്ളതു വിസ്മരിച്ചു കൂടാ. കമ്മ്യൂണിസം ഒരു കാലത്തു ആ കാലത്തിന്റെ ആവശ്യമായിരുന്നു. ഇന്നതിന്റെ പ്രസക്തി ക്ഷയിച്ചു പോയിരിക്കുന്നു. കമ്മ്യൂണിസം ജീവവായുവായി ശ്വസിച്ചിരുന്ന ചൈന കമ്മ്യൂണിസത്തെ ഇന്നു വെറും പേപ്പറിൽ മാത്രമാക്കി ഒതുക്കി നിർത്തിയിരിക്കുകയാണ്. മാവോ കോട്ടു ധരിച്ചിരുന്ന കമ്മ്യൂണിസ്റ്റു ചൈനയുടെ നേതാക്കൾ ഇന്നു ത്രീപീസ് സൂട്ടിൽ ആണു നടക്കുന്നത്. അവർ പറയുന്നതു കമ്മ്യൂണിസവും, ചെയ്യുന്നതു കാപ്പിറ്റലിസവും. തോക്കിൻ കുഴലിലൂടെ അധികാരം പിടിച്ചടക്കിയ കമ്മ്യൂണിസ്റ്റു റഷ്യയ്ക്കു എഴുപതുകളിൽ അമേരിയ്ക്കക്കുണ്ടായിരുന്നതിലും കൂടുതൽ അണുബോംബുകൾ ഉണ്ടായിരുന്നു. റഷ്യയുടെ മാനസാന്തരത്തിനു ശേഷം അവയെല്ലാം എവിടെയൊക്കെ പോയോ ആവോ? ഒരിക്കൽ കാപ്പിറ്റലിസത്തെ മറികടന്നു വിയറ്റ്നാം മുതൽ, നിക്കറാഗ്വ വരെ കമ്മ്യൂണിസത്തെ ഉൾക്കൊണ്ടു. ലോകത്തിലെ സമ്പന്ന രാഷ്ട്രമായ അമേരിക്കയുടെ ഉപസ്ഥത്തിൽ സ്ഥിതി ചെയ്യുന്ന ക്യൂബ വരെ നീണ്ടു പോവുന്നു ആ പോക്ക്..... റാവൂളിന്റെ കാലശേഷം ആ നീണ്ട പോക്കും നിലയ്ക്കും. അധികാരത്തിൽ വന്നിട്ടു കേവലം അഞ്ചു വർഷത്തിനകം ഗോർബച്ചേവ് റഷ്യൻ കമ്മ്യൂണിസത്തിന്റെ അല്ലാ, ലോക കമ്മ്യൂണിസത്തിന്റെ തന്നെ ശവപ്പെട്ടിയുടെ അവസാനത്തെ ആണിയും അടിച്ചു. അങ്ങനെ ലോക കമ്മ്യൂണിസത്തിന്റെ അവസാനത്തിന്റെ ആരംഭം കുറിച്ചു. സമത്വവും, സോഷ്യലിസവും പറഞ്ഞു നടന്നിരുന്ന റഷ്യയിലെ ബ്രഷ്നേവിന്റെ ഗരാജിനുള്ളിൽ ഏഴുകാറുകളുടെ ശേഖരമുണ്ടായിരുന്നു എന്നു ഒരിക്കൽ വായിച്ചു. അതിൽ ആഢംബര കാറുകളും ഉണ്ടായിരുന്നു. തത്വത്തിൽ ഇന്ത്യയിലെ കോൺഗ്രസ്, കമ്മ്യൂണിസ്റ്റ്, ബി.ജെ.പി, മറ്റിതര നപുംസക പാർട്ടികളെല്ലാം തന്നേ ഒരേ നാണയത്തിന്റെ ഇതര വശം മാത്രം. ഇവരെല്ലാം ജനങ്ങൾക്കു ഒരു എത്തും പിടിയും കിട്ടാത്ത ഏതോ ഒരു പൊതു നിഗൂഢ പാർട്ടിയിൽപ്പെട്ടവർ. പൊയ്മുഖം വച്ചു പലതരത്തിൽ ജനത്തിന്റെ മുമ്പിൽ അവതരിക്കുന്നു എന്നുമാത്രം. ഒരു തുള്ളി വിയർപ്പു പോലും ഒഴുക്കാതെ കോടികൾ സമ്പാദിക്കാവുന്ന ആദർശനിഷ്ഠയില്ലാത്ത അലസൻമാരുടെ ഒരു മാർഗ്ഗം.

കമ്മ്യൂണിസത്തോടു സന്ധിയില്ലാ സമരം നടത്തിയ അമേരിക്ക ഇന്നു കമ്മ്യൂണിസത്തെ ഭയക്കുന്നില്ല. ഇന്നവർക്കു ഭീകരവാദം എന്ന കീറാമുട്ടിയാണു തലവേദനയായി തീർന്നിരിക്കുന്നത്. കമ്മ്യൂണിസം ഇന്ന് അന്ത്യശ്വാസം വലിക്കുകയാണ്. ഗാന്ധിജിയുടെ രാജ്യത്തെ ഒരു സംസ്ഥാനത്തു ലോകത്തിലെ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിസ്റ്റു ഗവൺമെന്റു പ്രാബല്യത്തിൽ വന്നപ്പോൾ, അമേരിക്കക്ക് അതൊരു ആശങ്കയായിരുന്നു, എന്നു പറയുന്നതിൽ അതിശയോക്തിയില്ല. ഒരു വശത്തു കമ്മ്യൂണിസം ഭൂപടത്തിൽ നിന്നും തുടച്ചു മാറ്റാൻ

അമേരിക്ക ധനസഹായം ചെയ്യുമ്പോൾ, മറുവശത്തു കമ്മ്യൂണിസം പ്രചരിപ്പിക്കാൻ റഷ്യയും, ചൈനയും സഹായം ചെയ്യുന്നുണ്ടായിരുന്നു എന്നുള്ളതു പരസ്യമായ രഹസ്യമാണ്. ഇന്നത്തെ രാഷ്ട്രീയ കാലാവസ്ഥയിൽ ഇന്ത്യയ്ക്കു കോൺഗ്രസും, കമ്മ്യൂണിസവും, ബി.ജെ.പിയും ആവശ്യമാണന്നു തോന്നുന്നു, അല്ലെങ്കിൽ ഏകാധിപത്യ പ്രവണത തഴച്ചു വളരും. ആരോ ബുദ്ധിയുള്ളവൻ ഒരിക്കൽ പറഞ്ഞു; "കമ്മ്യൂണിസ്റ്റുകാർക്കു രാഷ്ട്രീയം ഉണ്ട്, ദേശഭക്തിയില്ല; ബി.ജെ.പി യ്ക്കു ദേശഭക്തിയുണ്ട്, രാഷ്ട്രീയമില്ല; കോൺഗ്രസുകാർക്ക് ഇതു രണ്ടുമില്ല " എന്ന്. കോൺഗ്രസിലെ ഒരു അഭിനവ സമുന്നത നേതാവു ഒരിക്കൽ പറഞ്ഞതു " കോൺഗ്രസുകാർ ഖദറണിഞ്ഞ മാംസപിണ്ഡങ്ങൾ " എന്നാണ്.

കേരളത്തിലെ ഏതാനും വിദ്യാർത്ഥികളോടു നാളുകൾക്കു മുമ്പു മനോരമ ഒരു സർവ്വേ നടത്തിയപ്പോൾ ലഭിച്ചതായ ഉത്തരങ്ങൾ ഇങ്ങനെ - "വിദ്യാഭ്യാസമില്ലാത്ത ആളുകൾക്കു ജോലിയൊന്നും ചെയ്യാതെ നടന്നു പൈസയുണ്ടാക്കാൻ പറ്റിയ ജോലിയാണിത്." മറ്റൊരു കൂട്ടർ പറയുന്നു " കള്ളൻമാരുടെ സംഘമാണ് രാഷ്ട്രീയ പാർട്ടികൾ, " " അഴിമതി, കയ്ക്കൂലി, അനീതി ഇതെല്ലാം അവരാണ്... " എന്നു വേറെ ചിലർ.

ഇന്നു 'ദൈവത്തിന്റെ സ്വന്തം നാട്ടിൽ' ഭരണം കൊട്ടേഷനിലിട്ടിരിക്കയാണ്; ഓട്ടോപൈലറ്റിൽ പറക്കുന്ന വിമാനം പോലെ. നാണം കെട്ട വിവാദങ്ങൾ തീർന്നിട്ട് ഭരിക്കാൻ നേരമില്ല. " പട്ടണത്തിൽ ഭൂതം " എന്നു ദൃശ്യമാദ്ധ്യമങ്ങളിലെവിടെയോ കണ്ടു ഒരിക്കൽ. എന്തിനീ ഭൂതത്തെ പട്ടണത്തിൽ മാത്രമായി ഒതുക്കി നിർത്തിയിരിക്കുന്നു? ദൈവത്തിന്റെ നാട്ടിൽ മുഴുവൻ ഭൂതമായിരിക്കുന്നു. ദൈവത്തിന്റെ നാടു ഭരിക്കുന്നതു ഭൂരിഭാഗം സമയവും ദൈവത്തിൽ വിശ്വാസമില്ലാത്തവരാണല്ലൊ? ഇതിനെ സായിപ്പിന്റെ ഭാഷയിൽ 'പാരഡോക്സ്' എന്നോ എന്തു വേണമെങ്കിലും വിളിച്ചോളു. ഇന്നത്തെ കേരള ഗവർമെന്റിന്റെ ഭരണം നാണം എന്ന വാക്കിന്റെ അർത്ഥം എന്താണെന്നറിയാൻ മേലാത്ത ഒരു വിവാദ നായികയുടെ സാരിത്തുമ്പിൽ തൂങ്ങിക്കിടക്കുന്നു.

ഒരു രാജ്യത്തിന്റെ സംസ്കാരങ്ങളുടെ നാന്ദി കുറിക്കുന്ന ഒരു വലിയ ഘടകമാണല്ലൊ വിദ്യാഭ്യാസം എന്നത്? കുട്ടികൾക്കു സ്കൂൾ തുറക്കുമ്പോൾ പാഠപുസ്തകം കിട്ടാനില്ല, കിട്ടിയാൽ തന്നെ സ്കൂൾ തുറന്നിട്ടു മൂന്നു മാസത്തിനു ശേഷം. ഇത്രയും അധഃപതിച്ചതായ ഒരു വിദ്യാഭ്യാസ വകുപ്പു എവിടെയുണ്ട്....? എന്നാൽ മന്ത്രിമാരുടെ എണ്ണത്തിൽ ഒരു കുറവുമില്ല. ലോകത്തിലെ ഏറ്റവും കഴിവുകെട്ട ഒരു ഏജൻസിയായി പോലീസ് ഡിപ്പാർട്ടുമെന്റു തരംതാണു. കേരളത്തിലിന്നിപ്പോൾ എത്ര പ്രമാദമായ കേസാണങ്കിലും കൊലപാതകം നടക്കുന്നതിനു തലേ ദിവസം തന്നെ 'പ്രതികളെ' കൂട്ടത്തോടെ പിടികൂടിയിരിക്കുന്ന പ്രതിഭാസമായി മാറി....! ആരോഗ്യ മേഖലയെപറ്റി പറഞ്ഞാൽ മഹാകഷ്ടം! ഡെങ്കിപ്പനി, എലിപ്പനി, പന്നിപ്പനി, കുരങ്ങുപനി, ചെള്ളുപനി, കോഴിപ്പനി, കരിമ്പനി, തക്കാളിപ്പനി.....പിന്നെ 'കുമ്പളങ്ങാപ്പനി'.. ചിക്കുൻഗുനിയ, എയ്ഡ്സ്, എന്തൊക്കെ ബാധകൾ വേണം? അതിനെല്ലാം പുറമെ ഹരിതഗൃഹപ്രഭാവ പ്രശ്നങ്ങൾ, മറ്റിതര പരിസ്ഥിതി മലിനീകരണം, വർണ്ണമഴ....!!! ഹൊ... ഇതെല്ലാം നടക്കുന്നതു ദൈവത്തിന്റെ സ്വന്തം നാട്ടിൽ ! ദൈവം കോപിച്ചതോ?

ആൾദൈവങ്ങൾ, ക്വട്ടേഷൻ സംഘങ്ങൾ, ലൈംഗിക വൈകൃതങ്ങൾ,

പെൺപീഡനം ഇതെല്ലാം സാമ്പത്തിക പുരോഗതിയുടെ അഥവാ നൂറു ശതമാനം സാക്ഷരത കൈവരിച്ചതിന്റെ അനന്തര ദൂഷ്യപാർശ്വ ഫലങ്ങളോ? കേരളം അർമ്മാദ രോഗികളെ കൊണ്ടു നിറഞ്ഞു.

കേരളത്തിലും, ബംഗാളിലും മാത്രം കുറെ ബുദ്ധിജീവികൾ! അവർ ഇന്ത്യാ മഹാരാജ്യത്തിന്റെ ഭാവി തിരുത്തിയെഴുതാൻ മോഹന വാഗ്ദാനമെന്ന തേൻപുരട്ടിയ ചക്രായുധവുമായി നടക്കുന്നു. ബംഗാളിൽ മുപ്പതിൽപരം വർഷം ഈ ബുദ്ധിജീവികൾ ഭരിച്ചതിന്റെ പരിണിതഫലമായി കൊച്ചുകേരളത്തിനു പതിനേഴുലക്ഷം ബംഗാളി തൊഴിലാളികളെ ദാനമായി ലഭിച്ചു. ഈ ബുദ്ധിജീവികൾ പാവം ജനത്തിന്റെ ഘ്രാണശ്രവണനയനങ്ങൾക്കു ആകർഷകമായ ഒരിക്കലും ഫലപ്രാപ്തി പ്രാപിക്കാത്ത പദ്ധതികളുമായി വന്നു പാമ്പാട്ടികളെ പോലെ ജനത്തിന്റെ മുമ്പിൽ മകുടി ഊതുകയാണ്. പാവം ജനം താളത്തിനൊത്തു തുള്ളുന്നു. അമേരിക്ക നല്ലതു ചെയ്താലും, തീയതു ചെയ്താലും, എന്തുതന്നെ ചെയ്താലും ജനദ്രോഹപരം എന്നു പറഞ്ഞു. 'സാമ്രാജ്യത്വവാദികൾ' എന്ന ബാനറിൽ മുദ്ര കുത്തുന്നു. " ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം ".

ഇന്നു കേരളനാട്ടിൽ സാധാരണക്കാരനു സമാധാനത്തോടെ കിടന്നുറങ്ങാൻ സംഗതമായ ഒരു സംവിധാനമില്ല. ജീവനും കയ്യിൽ പിടിച്ചു കൊണ്ടാണു ഓരോരുത്തരും ഉറങ്ങാൻ പോവുന്നത്. നേരം വെളുക്കുമോ അല്ലെങ്കിൽ വെളിപ്പിക്കുമോ എന്നവർക്കു ഭയം! ഒരു കാലത്തു, അതായതു ശിപായി ലഹളയുടെ സമയത്തു, ബ്രിട്ടീഷുകാർ ശിപായിമാരുടെ ശരീരങ്ങൾ പീരങ്കികളുടെ കുഴലിനോടു ചേർത്തു പിടിച്ചു പൊട്ടിച്ചിതറിച്ചു കൊണ്ടാണു ഇന്ത്യൻ ജനതയെ ഭയത്തിന്റെ നിഴലിൽ വിധേയത്വത്തിന്റെ അടിമകളാക്കിയത്. ഇന്ത്യ അതു മറന്നിട്ടില്ല. കാരണം ചരിത്രത്തിന്റെ താളുകളിൽ അത്രമാത്രം ശക്തമായി അമർത്തി അതെഴുതപ്പെട്ടിരിക്കുന്നു. അതിലും ഭയാനകമായ ഒരവസ്ഥയാണു ഭാരതത്തിന്റെ ചില ഭാഗങ്ങളിൽ ഇന്നരങ്ങേറിക്കൊണ്ടിരിക്കുന്നത്. മത-വർഗ്ഗീയരാഷ്ട്രീയ വിധേയത്വം നിലനിർത്താൻ ഏതറ്റം വരെയും പോവാൻ ഇന്നു നേതാക്കൾ മുൻനിരയിൽ തന്നെ. ആർഷഭാരത സംസ്കാരങ്ങളും, സദാചാരങ്ങളും, മതമൂല്യങ്ങളുമെല്ലാം ഇന്നു വിചാരണ ചെയ്യപ്പെട്ടിരിക്കയാണ്. ഒരു പ്രാചീന, കുലീന സംസ്കാരത്തിന്റെ അന്തിമ ഘട്ടങ്ങളിലാണോ ഇന്നു നാം ജീവിക്കുന്നത്? ഒരു മഹൽ സംസ്കാരം കൂടെ നമ്മുടെ കൺമുമ്പിൽ നിന്നും എന്നെന്നേക്കുമായി മൺമറയപ്പെടുകയാണോ?

'അമ്മേ' എന്നുച്ചരിക്കാൻ പഠിപ്പിച്ച വിദ്യാലയങ്ങളൊക്കെ റാഗിംഗിന്റെയും, ബലാൽസംഗത്തിന്റെയും, പ്രാകൃതമായ അധോമുഖ രാഷ്ട്രീയത്തിന്റെയും കേളീകേന്ദ്രമാവുകയാണോ? പതിതരുടെ ഉദ്ധാരണത്തിനും മറ്റുമായി ജന്മം കൊണ്ട പാർട്ടികളൊക്കെ സ്വാർത്ഥ സ്ഥാപിത താൽപര്യങ്ങൾക്കുള്ള വേദിയായി മാറിയിരിക്കുന്നു. സോഷ്യലിസം നടപ്പാക്കി വരേണ്യവർഗ്ഗത്തെ ഉൽമൂലനം ചെയ്യണമെന്നു അലമുറയിട്ടു നടന്നവർ ഇന്നു ഭൂജന്മികളായി കോടികളുടെ അധിപതികളായി വരേണ്യവർഗ്ഗമായി മാറിയിരിക്കുന്നു. പാവം ജനത്തിനിതെല്ലാം അസ്പർശ്യം ! പുസ്തകത്തിൽ പറയുന്നതും ചെയ്തികളുമായി അജഗജാന്തരം! സദാചാരസനാതന ധർമ്മങ്ങൾ പറഞ്ഞു കൊടുക്കുന്ന മതസമൂഹത്തിന്റെയെല്ലാം കഴുത്തിൽ കത്തി വച്ചാൽ...........? ഇവയൊന്നും മനസിലാക്കാതെ വളർന്നു വരുന്ന പുതിയ തലമുറ എന്തായിരിക്കും ലോകത്തിനു കാഴ്ച വയ്ക്കുക?

പാർട്ടികൾക്കു അംഗത്വ ഫീസ് കൊടുക്കാൻ അർദ്ധപട്ടിണിക്കാരൻ പൊരിവെയിലിൽ പാറ പോലെ ഉറച്ച മണ്ണിൽ വെട്ടുകയാണ്. നട്ടുച്ച സൂര്യന്റെ താപതീഷ്ണതയിൽ അവന്റെ കാലുകൾ കുഴയുമ്പോൾ തൂമ്പാ മാത്രമെ വീഴാതെ പിടിച്ചു നിൽക്കാൻ അവനു അഭയമുള്ളു. അവന്റെ അടുത്ത തലമുറയ്ക്കു 'നല്ല ഭാവി' വാഗ്ദാനം ചെയ്ത നേതാവിനെ ജയിപ്പിക്കാൻ അവൻ രക്തം വിയർപ്പാക്കുകയാണ്. മൈക്കിന്റെ കോളാമ്പിയിൽ കൂടെ വരുന്ന 'വിഷക്കാറ്റ്' അടിച്ചു മദം പൊട്ടി മത്തനായി അവൻ കൊല്ലും, കൊലയും നടത്തും, വെട്ടും കുത്തുമേൽക്കും. ജീവൻ അറ്റുപോയ പട്ടിണിപ്പാവത്തിന്റെ ചെറ്റപ്പുരയിൽ നിന്നും ഇനിയും പുക ഉയരുകയില്ല. നേതാവു ദൃശ്യമാദ്ധ്യമങ്ങളുടെ അകമ്പടിയോടെ വന്നു നക്കാപ്പിച്ച എന്ന 'സർവ്വാണികർമ്മം' നടത്തിയിട്ടു പോവും: നേതാവിനു ശബ്ദായമാനമായ സ്വീകരണവും കിട്ടും, നാളത്തെ റ്റി.വി യിലും, പത്രത്തിലും പടവും കാണും. ജനങ്ങൾ വീണ്ടും വഞ്ചിതരാവും.

രാഷ്ട്രീയ മുതലെടുപ്പിൽ ഒരിക്കൽ സഹികെട്ട് മാവോയിസ്റ്റുകളും, ഹോചിമിനിസ്റ്റുകളും, ചെഗുവേരയിസ്റ്റുകളും കൂടി വന്നിട്ട്- നേതാക്കൻമാർ സാമ്രാജ്യത്വ രാജ്യങ്ങളിലേയും, അറബിനാടുകളിലേയും, സിംഗപ്പൂരിലേയും മേശയുടെ അടിയിൽ കൂടെ അടിച്ചു മാറ്റിയ പണം കൊണ്ടു നിർമ്മിച്ച രമ്യഹർമ്മങ്ങളുടേയും, കൊട്ടാരതുല്യമായ മണിമാളികകളുടെയും മുറികളിൽ അതിക്രമിച്ചു കയറി സോഷ്യലിസത്തിന്റെ ബാനറിൽ താമസമുറപ്പിക്കുമ്പോഴെ എന്റെ സഹപ്രവർത്തകനായിരുന്ന ചുമിൻ ന്യൂജനേ പോലെയുള്ളവരുടെ വികാരങ്ങളും മനോവേദനയും മനസിലാവു.

ഓർക്കുക,...... എല്ലാവരേയും കുറെ കാലത്തേക്കും, കുറെ പേരെ എല്ലാക്കാലത്തേക്കും കബളിപ്പിക്കാൻ പറ്റും; എന്നാൽ എല്ലാവരേയും എല്ലാക്കാലത്തേക്കും കബളിപ്പിക്കാൻ പറ്റില്ല. ഈ തത്വം നേതാക്കൻമാർ മറക്കാതിരുന്നാൽ നന്ന്.